Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, PB No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail: kcbc@kcbc.in, www.kcbc.in

30.5.2016

All Kerala Press Release
*Ref:535/KCBC/K-6/KPR/DS*

# മോറൽ സയൻസ് അവാർഡുകൾ വിതരണം ചെയ്തു

കൊച്ചി: കേരളത്തിലെ കത്തോലിക്കാ സ്കൂളുകളിൽ സംസ്ഥാനതലത്തിൽ നടത്തിയ മോറൽ സയൻസ് സ്കോളർഷിപ്പ് പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് പി.ഒ.സിയിൽ വെച്ച് കെസിബസി വിദ്യാഭ്യാസ കമ്മീഷൻ ചെയർമാൻ ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത് സർട്ടിഫിക്കറ്റും ക്യാഷ് പ്രൈസും നല്കി. സമ്മാനാർഹരായ കുട്ടികളെയും മാതാപിതാക്കളെയും അധ്യാപകരേയും അനുമോദിച്ചു. ഉന്നത വിദ്യാഭ്യാസത്തോടൊപ്പം, നല്ല ജീവിതമാതൃകയും നേടണമെന്ന് ആർച്ചുബിഷപ് ഓർമ്മിപ്പിച്ചു. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറലും പി.ഒ.സി. ഡയറക്ടറുമായ ഫാ. വർഗീസ് വള്ളിക്കാട്ട് അധ്യക്ഷത വഹിച്ചു. ശ്രീ. ടി.കെ. ജോസ് ഐ.എ.എസ്, ശ്രീ. സിബി മാത്യൂസ് ഐ.പി.എസ് എന്നിവർ പ്രസംഗിച്ചു. വിദ്യാഭ്യാസകമ്മീഷൻ സെക്രട്ടറി ഫാ. ജേക്കബ് പാലക്കാപ്പിള്ളി, ഫാ. ഷിബു സേവ്യർ ഒസിഡി, ഡോ. എഡ്വേർഡ് എടേഴത്ത് എന്നിവർ നേതൃത്വം നല്കി.കേരളത്തിലെ വിവിധ സ്കൂളുകളിൽ നിന്നായി 148 കുട്ടികൾ അവാർഡിന് അർഹരായി.

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെസിബിസി/
ഡയറക്ടർ, പി.ഒ.സി.

ഫോട്ടോ മാറ്റർ: കേരളത്തിലെ കത്തോലിക്കാ സ്കൂളുകളിൽ സംസ്ഥാനതലത്തിൽ നടത്തിയ മോറൽ സയൻസ് സ്കോളർഷിപ്പ് പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളുടെ സമ്മേളനത്തിൽ ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത് പ്രസംഗിക്കുന്നു. ഫാ. ജേക്കബ് പാലക്കാപ്പിള്ളി, ഡോ. എഡ്വേർഡ് എടേഴത്ത്, ഫാ. വർഗീസ് വള്ളിക്കാട്ട്, ഫാ. ഷിബു സേവ്യർ ഒസിഡി എന്നിവർ വേദിയിൽ.